**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 413**

**27.02.2018 ലെ മറുപടിയ്ക്ക്**

**ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| എ | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്തിട്ടില്ല. |
| ബി | ജൂലൈ 30 ന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ജൂലൈ 30 ന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ ഉത്തരവായിട്ടില്ല. |
| സി | ജൂലൈ 30 ന് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചാൽ മതിയെന്നിരിക്കെ, അതിനു മുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നത് സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണോ; ഈ പരിശോധനാ രീതി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് തുടങ്ങിയിട്ടില്ല. |
| ഡി | 2017-18 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് 2018 ഫെബ്രുവരി മാസം ജില്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും നടത്തുന്ന ഓഡിറ്റിന് ഉത്തരവ് നൽകിയിട്ടുണ്ടോ; പദ്ധതി നിർവഹണത്തിന്റെ അവസാന ഘട്ടത്തിൽ നടത്തുന്ന ഓഡിറ്റ് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ? | സമകാലീന ഓഡിറ്റ് രീതി നിലവിലുള്ള നഗരസഭകളിലും ജില്ലാ പഞ്ചായത്തുകളിലും തുടർ ഓഡിറ്റ് നടത്തുന്നതിന് പ്രത്യേക ഉത്തരവ് ആവശ്യമില്ലാത്തതിനാൽ ഉത്തരവ് നൽകിയിട്ടില്ല. പദ്ധതി നിർവഹണത്തിന് ശേഷമാണ് പൂർണ്ണമായി ഓഡിറ്റ് നടത്തുന്നത് എന്നിരിക്കെ, ഓഡിറ്റ് പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നുമില്ല. |

അക്കൗണ്ട്സ് ഓഫീസർ